**01.02.2019-ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിന്റെ മിനിട്ട്സ്.**

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗം 10.30-ന് ആരംഭിച്ചു. പങ്കെടുത്തവരുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

***യോഗ തീരുമാനങ്ങൾ***

**1. ഫെസിലിറ്റേഷൻ ഹബ്ബ്**

പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മിതിക്കായി ആരംഭിച്ചിട്ടുള്ള ഫെസിലിറ്റേഷൻ ഹബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ഹബ്ബ്കളുടെ എണ്ണം കുറയ്ക്കുകയും ടി സ്ഥലങ്ങളിൽ ഒരു എൻജിനീയർ, ഒരു ടെക്നിക്കൽ സ്റ്റാഫ്, രണ്ട് ഫീൽഡ് സ്റ്റാഫിനെയും കരാറടിസ്ഥാനത്തിൽ ആറ് മാസത്തേക്ക് നിയമിക്കുന്നതിനും എല്ലാ ഹബ്ബ്കളും 6-ാം തീയതി മുതൽ പ്രവർത്തന സജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഓരോ ഹബ്ബുകളും ഓരോ ഇൻഫർമേഷൻ സെന്റർ എന്ന നിലയിലും ഭവന നിർമ്മാണത്തിന് ഒരു കൈത്താങ്ങായും പ്രവർത്തിക്കേണ്ടതും പ്രവർത്തന പുരോഗതി സമയ ബന്ധിതമായി വിലയിരുത്തേണ്ടതുമാണ്. ഹബ്ബുകളുടെ പ്രവർത്തനം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ മേൽനോട്ടത്തിലായിരിക്കും പ്രവർത്തിക്കുന്നത്.

**2. റീ-ബിൽഡ് കേരള ഇൻഷിയേറ്റീവ്**

റീ-ബിൽഡ് കേരള ഇൻഷിയേറ്റീവുമായി ബന്ധപ്പെട്ടിട്ടുള്ള ലോക്കൽ സ്പോൺസർഷിപ്പ് ഏജൻസികളുടെ എണ്ണവും അവർ ഏറ്റെടുത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന വീടുകളുടെ എണ്ണവും സംസ്ഥാനതല സ്പോൺസർഷിപ്പ് ഏജൻസികളുടെ എണ്ണവും ക്രോഡീകരിച്ച് സംസ്ഥാന മിഷനെ അറിയിക്കേണ്ടതാണ്.

നടപടി - ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ

ചുമതല - ടെറൻസ് ആന്റണി (സിവിൽ എൻജിനീയർ)

**3. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം.**

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ ബാക്കി നിൽക്കുന്ന ഭവനങ്ങൾ പൂർത്തീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ

പ്രത്യേക ഇടപെടൽ ആവശ്യമുള്ള ഗുണഭോക്താക്കളുടെ പട്ടിക മാർച്ച് 15-ന് മുമ്പായി സ്റ്റേറ്റ് മിഷനിൽ സമർപ്പിക്കേണ്ടതും ദുർബല വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധയും കൈത്താങ്ങും ആവശ്യമുള്ളപക്ഷം പ്രാദേശികാടിസ്ഥാനത്തിൽ ഏജൻസികളെ / വ്യക്തികളെ കണ്ടെത്തി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നടപടി - ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ
ചുമതല - അജിത (പ്രോഗ്രാം മാനേജർ)

**4. ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം**

എ) ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ട് ഇനിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടാത്ത ഗുണഭോക്താക്കളെ എത്രയും പെട്ടെന്ന് കരാർ വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുക.

ബി) എം.ജി.എൻ.ആർ.ഇ.ജി.എസ്-ലെ തൊഴിൽ ദിനങ്ങൾ ലൈഫ് ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുക.

സി) ഗുണഭോക്താക്കൾക്ക് ലാഭകരമാകുന്ന രീതിയിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ നിന്നോ ജില്ലാ കേന്ദ്രങ്ങളിൽ നിന്നോ കലവറ വഴി കമ്പിയും സിമന്റും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ ഡിമാൻഡ് അനുസരിച്ച് ഗുണഭോക്താക്കൾക്ക് എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുക.

ഡി) കലവറ സംവിധാനംപോലെ ഭവന നിർമ്മാണത്തിനാവശ്യമായ മറ്റ് അവശ്യ വസ്തുക്കളും ബൾക്ക് പർച്ചേസിങ്ങിലൂടെ ഗുണഭോക്താക്കൾക്ക് ലാഭകരമാകുന്ന രീതിയിൽ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

നടപടി - ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ
ചുമതല - എൻജിനീയറിംഗ് വിഭാഗം (ലൈഫ് മിഷൻ)

ഇ) അഗതി-ആശ്രയ വിഭാഗത്തിൽപ്പെട്ടവരെയും ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമയി നടപ്പിലാക്കുക.

എഫ്) ഹഡ്കോ ലോൺ തുക സമയബന്ധിതമായി ലഭ്യമാകണമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപാനങ്ങളിൽ നിന്നുള്ള യൂട്ടിലൈസേഷൻ

സർട്ടിഫിക്കറ്റ് അടിയന്തിരമായി കെ.യു.ആർ.ഡി.എഫ്.സി സമർപ്പിക്കേണ്ടതാണ്.

**5. ഭൂരഹിതഭവന രഹിതർ**

ഭൂരഹിത ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള മാർഗ്ഗ രേഖ തയ്യാറാക്കുക.

**6. ഭവന സമുച്ചയങ്ങളുടെ നിർമ്മാണം.**

എപ്രിൽ മാസം അവസാനത്തോടുകൂടി ടെൻഡർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക. കൂടുതൽ ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി ഭൂമി കണ്ടെത്തുമ്പോൾ കൂടുതലും അർബർ മേഖലയിൽ കണ്ടെത്തേണ്ടതാണ്. ഓരോ ജില്ലയിലും ഭവന സമുച്ചയ നിർമ്മാണത്തിനായി ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ (ഭൂരഹിത ഭവനരഹിതരുടെ എണ്ണമനുസരിച്ച്) കൂടുതൽ കണ്ടെത്തിയ ഭൂമിയിൽ നിന്ന് അനുയോജ്യമായ ഭൂമി ഭവന സമുച്ചയ നിർമ്മാണത്തിനുവേണ്ടി തെരഞ്ഞെടുത്തു.

**7. ഭരണപരമായ തീരുമാനങ്ങൾ**

എ) ജില്ലകളിൽ നിലവിലുള്ള ബാങ്ക് അക്കൗണ്ട്, ജില്ലാ കോ-ഓർഡിനേറ്റർ മാരുടെ പേരിൽലേക്ക് മാറ്റി സിംഗിൾ അക്കൗണ്ടാക്കുക.

ബി) ജില്ലാതല അവലോകന യോഗങ്ങൾ സമയബന്ധിതമായി നടത്തേണ്ടതാണ്.

സി) ലൈഫ് ബില്ലുകളെ ട്രഷറി ബാനിൽ നിന്നും ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുക.

ഡി) ലൈഫ് മിഷൻ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ ടി.എ നോട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അംഗീകരിച്ച് നൽകുന്നതാണ്.

ഇ) മിഷന്റെ വിവിധ ഘട്ടങ്ങളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് വീക്കിലി റിപ്പോർട്ടായി സമർപ്പിക്കേണ്ടതാണ്.

എഫ്) എം.എൽ.എ/ എം.പി ഫണ്ട്, ജില്ലാപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി.

ജി) ജില്ലകളിൽ നടക്കുന്ന വിജയകരമായ പ്രവർത്തനങ്ങളും അനുബന്ധ ചിത്രങ്ങളും വെബ്സൈറ്റിൽ ഉൾപ്പെടുത്തുക.

എച്ച്) ലൈഫ് മിഷനോട് അനുബന്ധിച്ച നടക്കുന്ന യോഗങ്ങളിൽ പുതിയ പ്രസന്റേഷനും ഡോക്യുമെന്റുകളും ഉൾപ്പെടുത്തേണ്ടതാണ്.

ഐ) പബ്ലിക് പാർട്ടിസിപ്പേഷനും പ്രമോഷണൽ ആക്ടിവിറ്റീസിനും കൂടുതൽ പ്രാധാന്യം നൽകി പ്രവർത്തിക്കേണ്ടതാണ്.

ജെ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭവന നിർമ്മാണത്തിനായി 20% തുക വകയിരുത്തുമ്പോൾ ലൈഫ് മിഷൻ പ്രോജക്ടുകൾക്ക് മാത്രമായി എന്ന് ഉൾപ്പെടുത്താൻ അടുത്ത കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ അജണ്ട നൽകേണ്ടതാണ്.

കെ) ലൈഫ് വെറും ഒരു പാർപ്പിട പദ്ധതിയല്ല, ജീവനോപാധിയും, സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുന്ന ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി എന്ന നിലയിൽ വേറിട്ടു നിൽക്കേണ്ടതിനാൽ ഗുണഭോക്താക്കൾക്ക് ആവശ്യമായ ജീവനോപാധി ഉറപ്പാക്കുകയും അവരെ സുരക്ഷാ പദ്ധചിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

അവലോകന യോഗം വൈകുന്നേരം 5.15-ന് അവസാനിച്ചു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ